**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 405** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഐ.ടി. കമ്പനി ജീവനക്കാരുടെ തൊഴിൽ സുരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി രമ്യ ഹരിദാസ്

ശ്രീമതി ഉമ തോമസ്

ശ്രീമതി ഉഷ വിജയൻ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഐ.ടി. കമ്പനികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി. മേഖലയ്ക്കും ബാധകമാണ്. എന്നാൽ ഐ.ടി. മേഖലയുടെ വളർച്ചയ്ക്കും സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ഐ.ടി. മേഖലയ്ക്ക് Kerala Shops & Commercial Establishment Act-ൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി. സ്ഥാപനങ്ങളെല്ലാം ഇവർക്ക് ബാധകമായ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നുണ്ട്. ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നത് തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിലെ ജീവനക്കാരിൽ നിന്നും അമിത ജോലിഭാരം, മറ്റ് മാനസിക സംഘർഷം എന്നിവ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് സത്വരമായി ഇടപെട്ട് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഐ.ടി. മേഖലയുടെ വളർച്ചയ്ക്കായി G.O.(P) No. 20/2002/LBR dated 16.04.2002 ഉത്തരവ് പ്രകാരം സർക്കാർ ഐ.ടി. മേഖലയെ Kerala Shops & Commercial Establishment Act 1960 - നിയമത്തിലെ 6 (Daily and weekly hours), 9 (spread over), 10 (opening and closing hours), 11 (closing of shops and grant of weekly holidays), 20 (prohibition of employment of women and persons below 17 years of age) വകുപ്പുകളിൽ നിന്ന്, താഴെ കൊടുത്ത നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകിയിട്ടുണ്ട്.

1. രാത്രികാലങ്ങളിൽ (9 pm to 6 am) ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി പ്രത്യേക സംവിധാനം തൊഴിലുടമ ഏർപ്പെടുത്തേണ്ടതാണ്.
2. രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി രാത്രി 9 മണിക്കും രാവിലെ 6 മണിക്കുമിടയിൽ സ്ത്രീ തൊഴിലാളികളെ 5 പേരടങ്ങുന്ന ഗ്രൂപ്പായി മാത്രമേ നിയോഗിക്കാവൂ. അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 2 പേർ സ്ത്രീ ജീവനക്കാരായിരിക്കണം.
3. സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായി വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.
4. രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് താമസസ്ഥലം മുതൽ ജോലിസ്ഥലം വരെയും തിരിച്ചും വാഹനസൗകര്യം തൊഴിലുടമ നൽകേണ്ടതാണ്.

   ടി ഇളവുകൾ നൽകിയിട്ടുണ്ടെങ്കിലും അധിക ജോലിക്ക് അധിക വേതനം, കൂടാതെ ഓരോ 4 മണിക്കൂർ ഇടവേളകളിലും 1 മണിക്കൂർ വിശ്രമം എന്നിവ തൊഴിലാളികൾക്ക് അനുവദിക്കേണ്ടതാണ്. 1960-ലെ Kerala Shops and Commercial Establishment നിയമമനുസരിച്ച് ഓരോ തൊഴിലാളിയുടെയും ഒരു ദിവസത്തെ ജോലിസമയം വിശ്രമം ഉൾപ്പെടെ 9 മണിക്കൂർ ആണ്. ആയത് spread over ഉൾപ്പെടെ പത്തര മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ഐ.ടി. മേഖലയിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും അധികം സമയം ജോലി ചെയ്യുന്ന ജീവനക്കാർക്ക് പരാതികളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ ഓവർടൈം വേതനം ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും തൊഴിലുടമകൾക്കെതിരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം കേസ് ഫയൽ ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ ഒരു വർഷം 12 കാഷ്വൽ ലീവ്, 12 വാർഷിക ലീവ്, 12 സിക്ക് ലീവ് എന്നിവ മേൽ നിയമം ഉറപ്പുവരുത്തുന്നുണ്ട്. കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം സംസ്ഥാന തൊഴിൽ വകുപ്പ് 'സഹജ' എന്ന പേരിൽ സജ്ജീകരിച്ചിട്ടുണ്ട്. ഐ.ടി മേഖലയിൽ ഉൾപ്പെടെയുള്ള സ്ത്രീ തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ 1800-42-555-215 എന്ന ടോൾ ഫ്രീ നമ്പറിൽ രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത് സ്ത്രീകളായ കോൾ സെന്റർ എക്സിക്യൂട്ടീവിനെ നേരിട്ട് വിളിച്ച് അറിയിക്കാവുന്നതാണ്.

ഐ.ടി കമ്പനികളിലെ ജീവനക്കാർക്ക് കമ്പനിക്കുള്ളിലെ ഗ്രീവൻസ് റിഡ്രസ്സൽ സംവിധാനങ്ങൾ, POSH സമിതികൾ, സംസ്ഥാന തൊഴിൽ വകുപ്പ്, ലേബർ കോടതികൾ, സാമൂഹ്യ സുരക്ഷാ സ്ഥാപനങ്ങൾ എന്നിവ വഴിയാണ് തൊഴിൽ സുരക്ഷയും പരാതി പരിഹാരവും ഉറപ്പാക്കുന്നത്.

ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളിലെ ജീവനക്കാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി ഹ്യൂമൻ റിസോഴ്സ്

ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (HRGRC) ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. കമ്പനികളിലെ ജീവനക്കാരുടെ തൊഴിൽ സംബന്ധമായ പരാതികളിൽ ഇരു കക്ഷികളോടും സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ ടി കമ്മിറ്റി മധ്യസ്ഥത വഹിക്കാറുണ്ട്. മധ്യസ്ഥതയിലൂടെ പ്രശ്നം പരിഹരിക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ കക്ഷികൾക്ക് അതുമായി ബന്ധപ്പെട്ട ലീഗൽ ഫോറങ്ങളെ സമീപിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ടി കമ്മിറ്റി നൽകാറുണ്ട്. ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുവാനായി ടി കമ്മിറ്റിയെ കുറിച്ചുള്ള വിശദാംശം ടെക്നോപാർക്കിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഐ.ടി മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് സജ്ജമാക്കിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 155214 എന്ന ടോൾഫ്രീ നമ്പർ ടെക്നോപാർക്കിലെ വിവിധ ഐ.ടി ബിൽഡിംഗുകളുടെ മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ ലേബർ കമ്മീഷണറേറ്റ് സ്വീകരിച്ചുവരുന്നു.

കമ്പനികളുടെ ആഭ്യന്തര കാര്യങ്ങളിലും ദൈനം ദിന പ്രവർത്തനങ്ങളിലും ഇടപെടുവാൻ ഐ.ടി. പാർക്കുകൾക്ക് പരിമിതികൾ ഉണ്ടെങ്കിലും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ സേവന വേതന വ്യവസ്ഥകളിൽ നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ഐ.ടി കമ്പനികൾ ജീവനക്കാരെ നിയമിക്കുന്നതും പിരിച്ചു വിടുന്നതും കമ്പനികളുടെ ആഭ്യന്തര പ്രവർത്തന നയത്തെയും മറ്റു ഘടകങ്ങളെയും ആശ്രയിച്ചാണ്. സ്വകാര്യ ഐ.ടി കമ്പനികൾക്കെല്ലാം രാജ്യത്തെ സേവന വ്യവസ്ഥകളെ ആധാരമാക്കി അവരുടേതായ പ്രവർത്തന നയവും പരിപാടിയും ഉണ്ട്. വ്യത്യസ്തമായ പ്രവർത്തന മേഖലകളായതുകൊണ്ട് തന്നെ പ്രവൃത്തി നിർവ്വഹണത്തിന്റെ (performance) പേരിലുള്ള പിരിച്ചുവിടലിന്റെ മാനദണ്ഡം നിർവ്വചിക്കുക സാധ്യമല്ല. ഐ.ടി. പാർക്കുകൾ, കമ്പനികൾക്ക് ഓഫീസ് സ്പെയിസ് അനുവദിക്കുന്ന ഘട്ടത്തിൽ തന്നെ കമ്പനികളുടെ നിയമപരമായ രജിസ്ട്രേഷനും മറ്റു (പ്രത്യേക സാമ്പത്തിക മേഖലാ നിയമം) കമ്പനി നിയമങ്ങളും പാലിക്കുന്നവയാണോ എന്ന് ഉറപ്പ് വരുത്തിയിട്ടേ പ്രവർത്തനാനുമതി നൽകാറുള്ളൂ. അതുകൊണ്ട് തന്നെ ഇന്ത്യൻ കമ്പനി നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന സേവന വേതന തൊഴിൽ നിയമങ്ങൾക്കനുസൃതമായി ആണ് കമ്പനികൾ പ്രവർത്തിച്ചു വരുന്നത്.

**(ബി)** ഐ.ടി. മേഖലയിലെ വനിതാ സംരംഭകരെയും ജീവനക്കാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** ഐ.ടി. മേഖലയിലെ വനിതാ സംരംഭകരെയും ജീവനക്കാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. മൈക്രോ ഇന്നൊവേഷൻ ഗ്രാന്റ് ഫോർ ആസ്പയറിങ് ഗേൾസ്/വിമൻ (Micro Innovation Grant for Aspiring Girls/Women) സംരംഭകരായ വിദ്യാർത്ഥിനികൾക്ക് അവരുടെ നൂതനമായ ആശയങ്ങളെ പ്രോട്ടോടൈപ്പുകളാക്കി (ഉൽപ്പന്ന മാതൃകകൾ) മാറ്റുന്നതിനായി, പ്രീ-ഇങ്ക്യുബേഷൻ അല്ലെങ്കിൽ ഇങ്ക്യുബേഷൻ പ്രോഗ്രാമുകളിലൂടെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്.

2. പ്രോഗ്രാം ലിങ്ക്ഡ് ക്യാപിറ്റൽ (Programme Linked Capital)

വനിതാ ഇങ്കുബേഷൻ പ്രോഗ്രാമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മൂലധന സഹായം (Capital Support) നൽകുന്ന പദ്ധതിയാണിത്. കൂടാതെ, ഗവേഷണ രംഗത്തുള്ള വനിതാ സംരംഭകർക്കും (Researchpreneurs), social and rural innovations ഉള്ള സ്റ്റാർട്ടപ്പുകൾക്കും സംരംഭം മെച്ചപ്പെടുത്തുന്നതിനും (Capacity Building) വിപണി സാധ്യതകൾ വിപുലീകരിക്കുന്നതിനും (Market Access) ആവശ്യമായ പിന്തുണ നൽകുന്നു.

**സെക്ഷൻ ഓഫീസർ**